# പ്രതിഭ

## ഡിജിറ്റൽ മാഗസിൻ

little KITEs

ലിറ്റിൽ കൈറ്റ്സ്

ഐ. ടി. ക്ലബ്ബ്

**ഗവ ഡി വി എച് എസ് എസ്,ചാരമംഗലം**

**2018-19**



# ലിറ്റിൽ കൈറ്റ്സ്

# LK/2018/34013

## ഗവ.ഡി വി എച് എസ് എസ്, ചാരമംഗലം

## ഡിജിറ്റൽ മാഗസീൻ

# 2018-19

**"സൂര്യപ്രകാശം എനിക്കില്ല;കാരണം ഞാൻ ഒരു മിന്നാമിനുങ്ങ് മാത്രമാണ്.പക്ഷെ, എനിക്ക് എന്റേതായ പ്രകാശം പരത്താൻ കഴിയും"**

# സമർപ്പണം

**സമാനതകളില്ലാത്ത പ്രളയദുരന്തത്തിൽ നിന്നു കരകയറുന്ന കേരളജനതയ്ക്ക്**

**പ്രളയത്തിൽ പെട്ടവരെ സുരക്ഷിതതീരമണയാൻ സഹായിച്ച കര,നാവിക-വ്യോമ സേനകളും.**

**പോലിസ് അടക്കമുള്ള വിവിധ സർക്കാർ -സർക്കാരിതര ഏജൻസികൾക്ക്,**

**പ്രാദേശിക കൂട്ടായ്മകൾക്ക്,കാരുണ്യ സേവനപ്രവർത്തങ്ങളുമായി മുന്നിട്ടിറങ്ങിയ**

**മാധ്യമപ്രവർത്തകർക്ക്,**

**ധീരതയുടെ മികച്ച മാതൃകകളായി,സാഹോദര്യഭാവവും ജീവൻ പണയംവച്ചുള്ള**

**സേവനപ്രവർത്തനം കാഴ്ചവെച്ച കേരളത്തിന്റെ സ്വന്തം ആർമിയായ പ്രിയ**

**മൽസ്യത്തൊഴിലാളികൾക്ക്,**

**കേരളത്തിന്റെ എല്ലായിടത്തും ദുരന്തമുണ്ടായ നിമിഷം മുതൽ ഒന്നും ആലോചിക്കാതെ**

**എടുത്തുചാടിയ നമ്മുക്ക് ചുറ്റുമുള്ള സാധാരണ ജനങ്ങൾക്ക്,**

**പ്രളയാനന്തരകേരളത്തിന്റെ**

**പുനർനിർമാണത്തിന് പണമുൾപ്പെടെ സഹായങ്ങൾ നൽകിയ സ്വദേശത്തിലേയും**

**വിദേശത്തിലേയും എല്ലാ ജനങ്ങൾക്കുമായി സമർപ്പിക്കുന്നു.**

## എഡിറ്റോറിയൽ കമ്മിറ്റി

ഷാജി പി ജെ



വിജു പ്രിയ



ഡോമിനിക്ക്



ഹരികൃഷ്ണൻ



മാളവിക



അമ്പാടി വി



നിഖിൽ കൃഷ്ണ.എ.കെ



അശ്വിൻകൃഷ്ണ എ



# എഡിറ്റോറിയൽ



ആധുനിക വിദ്യാഭ്യാസത്തിൽ
പരമ്പരാഗത വിദ്യാഭ്യാസത്തിനപ്പുറം നമ്മുടെ
വിദ്യാർത്ഥികൾ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട് .
ആധുനിക സാങ്കേതിക വിദ്യകൾ
വിദ്യാഭ്യാസ മേഖലയിൽ നിറഞ്ഞുനില്ക്കുമ്പോൾ ,
നമ്മുടെ കുട്ടികൾ ഡിജിറ്റൽ ടെക്സ്റ്റുകളിലേക്കും ഈ റീഡിങ്ങിലേക്കും മാറേണ്ട കാലം
അധികരിച്ചിരിക്കുന്നു.
പൊതുവിദ്യാസ മേഖലയിലെ കുട്ടികൾ
സിനിമകൾ വരെ ഷൂട്ട് ചെയ്യുന്ന ഇക്കാലത്ത് നമ്മുടെ സ്കൂളിലെ കുട്ടികളേയും ആധുനിക
വിവര സാങ്കേതിക വിദ്യാസങ്കേതങ്ങളിലേക്കേ് പ്രതിഭകളെ നയിക്കുക എന്നതാണ്
ലിറ്റിൽ കൈറ്റ്സ് എന്ന ഐടി ക്ലബിന്റെ ലക്ഷ്യം.
ചാരമംഗലം ഗവ. ഡി.വി.എച്ച്.എസ്സ് .എസ് -ലെ ലിറ്റിൽകൈറ്റ്സ്
എന്ന ക്ലബ്ബും ഈ ദൗത്ത്യത്തിൽ പങ്കാളിയായതിൽ അഭിമാനിക്കുന്നു.
കഥകൾ,കവിതകൾ,ഉപന്യാസങ്ങൾ, ചിത്രങ്ങൾ, പ്രകൃതി വിജ്ഞാനം എന്നിവ
ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയിരിക്കുന്ന ഈ മാഗസീൻ എല്ലാക്കുട്ടികൾക്കും
സമൂഹത്തിനും
ഉപകാരപ്പെടട്ടെ എന്ന് പ്രത്യാശിക്കുന്നു

നീരജ് കൃഷ്ണ.യു 9.B
യൂണിറ്റ് ലീഡർ
ലിറ്റിൽ കൈറ്റ്സ്



# സന്ദേശം

**ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ**
**നമ്മുടെ സ്കൂളിലെ കുട്ടികളുടേയും ജീവനക്കാരുടേയും**
**സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിക്കുന്ന**
**ഡിജിറ്റൽ മാഗസീന് എന്റെ  എല്ലാവിധ**
**ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.**
**കുട്ടികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും**
**പുതിയ പുതിയ സാഹിത്യപ്രതിഭകൾ**
**നമ്മുടെ സ്കൂളിൽ നിന്നും വിശ്വസാഹിത്യലോകത്തിലേക്ക് ഉയർന്നു വരുന്നതിനും ഈ ഉദ്യമം തുടക്കമാവട്ടെ**
**എന്ന് ആശംസിക്കുന്നു**

**ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ**
**അദ്ധ്യാപകർ, വിദ്യാർത്ഥികൾ,കൂടാതെ ഈസംരംഭത്ത്ന് നേതൃത്യം നൽകിയ**
**ലിറ്റിൽകൈറ്റ്സിനും മറ്റെല്ലാ വർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.**

**ഗീതാദേവി റ്റി ജി**

**ഹെഡ് മിട്രസ്**



# സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂളുകളിൽ രൂപികരിച്ച 'ലിറ്റിൽ കൈറ്റ്സ്'ഇന്ത്യയിലെ കുട്ടികളുടെത്തന്നെ ഏറ്റവും വലിയ ഐടി കൂട്ടായ്മയാണ്. നമ്മുടെ സ്കൂളിലെ ലിറ്റിൽകൈറ്റ്സിന്റ നേതൃത്തത്തിൽ പുറത്തിറങ്ങുന്ന 'പ്രതിഭ 'എന്ന ഡിജിറ്റൽ മാഗസീൻ വിദ്യാർത്ഥികൾക്ക് വിവരവിനിമയസാങ്കേതികവിദ്യാഭ്യാസത്തിലൂടെ മാറുന്നലോകത്തിന്റെ നൂതനരീതികൾ സ്വയത്തമാക്കിമുന്നോട്ട് പോകുവാനും സൃഷ്ടിപരമായ കഴിവുകളുടെ വികാസത്തിന് ഇടയാകട്ടെ എന്ന് ആശംസിക്കുന്നു

**ശ്രീ അക്ബർ**
**പി ടി എ പ്രസിഡന്റ്**

## പ്രതിഭ

### ഉള്ളടക്കം

സ്കൂൾ ചരിത്രം....10
മഹത് വചനങ്ങൾ....11
പൂവിന്റെ ജീവിതം....14
അക്ഷരം....15
ഒരനാഥ....16
മരം പറയുന്നത്....17
കുമ്പസാരത്തിനു വേണ്ടി....18
സൗഹൃദം....20
तलाश....21
പൊരുതുക....24
പോരാടുക....24
കേരള ക്വിസ്....25
കരിമണൽ....27
ജന്മവെട്ടം....28
ആശ്രയം....29
മഹാപ്രളയം....30
പ്രകൃതി....31
പ്രതീക്ഷ....32
കേരളം ക്ഷണിച്ചുവരുത്തിയ പ്രളയം....33
പ്രകൃതി....36
നൊമ്പരം....37
പ്രളയം പ്രകൃതിയുടെ പ്രതികാരം....38
മഴയുടെ സംഗീതം....40
അമ്മയെന്നെ നോക്കിയോ....42
മറ്റൊരു അവസരം....45
Ode to India....46
ത്യാഗത്തിന്റെ പ്രതീകം....49
Nature,our own God....50
വംശനാശം സംഭവിച്ച ജീവികൾ....51
സങ്കല്പസോദരി....54
എ പി ജെ അബ്ദുൾകലാം-....55
ചിത്രജാലകം....59

## <u>സ്കൂൾ ചരിത്രം</u>

ചാരമംഗലം എന്ന ഗ്രാപ്രദേശത്തിന്റെ വികാസവും
പരിവർത്തനവും ലക്ഷ്യമാക്കി 1917-ൽ ക്കുറ്റവേലി ദേവസ്വം
നൽകിയ സ്ഥലത്ത് ആരംഭിച്ച ഒരുഎൽപി സ്കൂൾ ആണ് ഇന്ന്
ചാരമംഗലം ഗവ;ദുർഗാ വിലാസിനി ഹയർസെക്കന്ററി സ്കൂൾ
എന്ന പ്രസിദ്ധിയാർജിച്ചിരിക്കുന്നത്
1980 ൽ ഇതിനെ ഹൈസ്കൂളായും ,98-ൽ ഹയർസെക്കന്ററിസ്കൂളാ- -യും
ഉയർത്തിയപ്പോൾ ക്കുറ്റവേലി നിവാസികൾക്ക് വിദ്യാഭ്യാസത്തിനായി
മറ്റൊരു സ്ഥലത്തെ ആശ്രയിക്കേണ്ടതില്ലാതായി.
ബാലാരിശ്ടതകളിൽ ഉഴറിയിരുന്ന ഈ സ്കൂൾനാട്ടുകാരുടേയും
ഗവൺമെന്റിന്റെയും നിർലോഭമായ സഹകരണത്തോടെ
ജില്ലയിലെതന്നെ മികച്ച ഹയർസെക്കണ്ടറി സ്കൂൾ ആയിമാറിക്കഴിഞ്ഞു.
കഞ്ഞിക്കുഴി പഞ്ചായത്തിലെ ഏക ഹയർസെക്കണ്ടറി സ്കൂൾ ആയ
ഈ സ്കൂളിൽഎൽ.പി.,യു.പി., എച്.എസ്.,എച്.എസ്.എസ്.വിഭാഗങ്ങളിലായി
ആയിരത്തിഅറുന്നൂറോളം കുട്ടികൾ
ഇന്ന് പഠിച്ചുകൊണ്ടിരിക്കുന്നു . ഇനിയും പുതിയ കോഴ്സുകൾ ലഭിച്ച്
ഉന്നതിയിലേക്ക് നമ്മുടെ
സ്കൂൾ വളരും എന്ന് നമുക്ക് പ്രത്യാശിക്കാം

# മഹത് വചനങ്ങൾ

ചിത്തത്തിൽ പ്രകാശമുണ്ടെങ്കിൽ
ആ മനുഷ്യനിൽ സൗന്ദര്യം അന്തർലീനമായിരിക്കും
മനുഷ്യന്റെ ഉള്ളിൽ സൗന്ദര്യമുണ്ടെങ്കിൽ
ആ വീട്ടിൽ സ്വരചേർച്ച ഉണ്ടായിരിക്കും

ചൈനീസ് പഴമൊഴി

സ്വന്തം ലക്ഷ്യത്തിൽനിന്ന് നിങ്ങൾ കണ്ണുകൾ പിൻവലിക്കുമ്പോൾ നിങ്ങൾ കാണുന്ന ഭീകരരൂപങ്ങളാണ് കടമ്പകൾ

ഹെൻറി ഫോർഡ്

ഒരാൾക്ക് മനുഷ്യസമൂഹത്തിനും രാജ്യത്തിനും നൽകാൻ കഴിയുന്ന ഏറ്റവും മഹത്തായ സാമൂഹികസേവനം ഒരു പക്ഷെ, കുടുംബം വളർത്തി പോറ്റുക എന്നതായിരിക്കും

ജോർജ്ജ് വാഷിംങ്ടൺ

ഒരു വിത്തിന്റെ ഉള്ളലുള്ള സംഗതികൾ കാണാൻ കഴിയുക,
അതാണ് യതാർത്ഥ പ്രതിഭ

ലാവോ-ട്സു

നന്നാക്കുന്നതിനേപ്പറ്റി എല്ലാവരും ചിന്തിക്കുന്നു. എന്നാൽ സ്വയം നന്നാകുന്നതിനേക്കുറിച്ച് ആരും ചിന്തിക്കുന്നില്ല.

ടോൾസ്റ്റോയ്

*വായനയാണ് വാസനക്കുള്ള വളം.

കുഞ്ഞുണ്ണിമാഷ്

തെറ്റ് മാനുഷികമാണ്. എന്നാൽ ക്ഷമ ദൈവികവും.
അലക്സാണ്ടർ പോപ്പ്

അറിവാണ് ശക്തി.

(ഫ്രാൻസിസ് ബേക്കൺ)

വിനയമാണ് യഥാർവിദ്യാഭ്യാസം.

(ഡോ.രാധാകൃഷ്ണൻ)

The only place where success comes before work is a dictionary.

-Vidal sassoon

ഒരു മനുഷ്യന്റെജിവിതത്തിൽ സംഭവിക്കുന്നതൊക്കെ

അവന്റെ അനുഭവമല്ല.
ആ ജിവിത സംഭവങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുവെന്നതാണ്

അയാളുടെ അനുഭവം

ആൽഡസ് ഹക്സലി

Smiles men are born to succeed,not to fail.

-

Henry David Thoureau

The violinist who plays a sonata has acquired his dexterity by patient repetition and often many failures.

-Samual

**Doing little things with a strong desire to please god makes them really great.**
**-St. Francis de sales**

**I have learned that success is to be measured not by the position one has reached in life but by the obstacles which he has overcome while trying to succeed.**
**-Booker t. Washington**

**to climb steep hills requires slow pace at first**
**Shakespeare**

**Greatness lies not in being strong, but in the right use of strength**
**Henry ward beecher**



## പൂവിന്റെ ജീവിതം

പൂവുപോലാവണം ജീവിതം എന്നു ഞാൻ
ഒത്തിരിയേറെനാൾ ആഗ്രഹിച്ചു.
പിന്നീട്ട ഞാനൊന്ന് ചിന്തിച്ചുനോക്കുമ്പോൾ
എന്തിനാണാ പൂവുപോൽ ജീവിതം
ഒന്നുജനിക്കും ഉടൻമരിക്കും പിന്നെ
പാഴ്ജന്മമാകുന്ന ആ ജീവിതം .
ഒന്നുജനിക്കും ഉടൻമരിക്കും പിന്നെ
പാഴ്ജന്മമാകുന്ന ആ ജീവിതം .
എന്തിനാണെന്തിനാണെന്റെ ഈ ജീവിതം
പൂവുപോലാവുന്നത്........ പൂവുപോലാവുന്നത്

ഗായത്രി.എസ് 9C

# അക്ഷരം



**അക്ഷരമാണെന്റെ ആയുധം എന്നും**
**അക്ഷരമാണെൻ ഗുരുവും,**
**എന്നിലെ കൂരിരുൾ നീക്കിയെൻ പാതയിൽ**
**വെളിച്ചം തൂകി എൻ മനസിൽ,**
**തുറക്കാതെഎന്നിൽ കിടന്നോരറിവിൻ**
**കവാടം തുറന്നൊരീ അക്ഷരത്തിന്റെ മുന്നിൽ,**
**മനസുകൊണ്ടർച്ചന ചെയ്യുന്നു ഞാനെൻ**
**തൊഴുകൈയുമായി ഞാൻ നിന്റ മുന്നിൽ.**
**തൊഴുകൈയുമായി ഞാൻ നിന്റ മുന്നിൽ.**

ഗായത്രി.എസ് 9C

## ഒരനാഥ



തനിച്ചിരുന്നു ഞാൻ എന്റെ നൊമ്പരം
നാലുചുമരുകൾക്കുള്ളിൽ പങ്കുവച്ചു....
എന്റെ ഹൃദയത്തിലെ നൊമ്പരങ്ങൾ
ചുമരുകൾ വലിച്ചെടുത്തു......
മഴയോടൊപ്പം ഒലിച്ചുപോയി
എന്റെ നല്ല ജീവിതം.....
ജീവിതത്തിന്റെ മുമ്പിൽ ഞാനൊരു
കൊച്ചുപെൺകുട്ടിയായി നിൽക്കവേ
എന്റെ മിത്രവും എന്നിൽ നിന്ന്
അകന്നുപോയി
ചേതനയറ്റ ആ ശരീരത്തിൽ കണ്ടു
ഞാൻ എന്റെ മിത്രത്തെ
അഗ്നിയിൽജ്വലിച്ച എൻ മിത്രം
അഗ്നിച്ചുരുളുകളായി എന്നിൽ നിന്നകന്നു...
ഇന്നു ഞാൻ വെറുമൊരനാഥ
പ്രകൃതി മാത്രമെൻ മിത്രം
പ്രകൃതി മാത്രമെൻ മിത്രം......

മാളവിക.എം.ഡി 9B

# മരം പറയുന്നത്



എന്നെ വെട്ടി കാശാക്കുമ്പോൾ ഓർക്കുക
ഞാൻ ഇല്ലാതെ
നിങ്ങൾക്ക് പാരിൽ ജീവിതം സാധ്യമാകില്ലെന്ന്
കഴിയില്ലെന്നു തോന്നുമ്പോൾ ചെയ്യുക.
കാഞ്ഞിരവും ഇലഞ്ഞിയും പ്ലാവും നട്ടുപിടിപ്പിക്കുക.
നനയ്ക്കാൻ വെള്ളമില്ലാതാകുമ്പോൾ അറിയുക
ഞാനില്ലാതെ മഴയുണ്ടാകില്ലെന്ന്.
മനുഷ്യൻ കളിതെറ്റിച്ച് കളിക്കുക
ഓർക്കുക.
കളിക്കാനും ആകില്ലെന്ന്.
നന്മയെ മാറ്റി തിന്മയെ വാഴ്ത്തുമ്പോൾ
നരകമാകുന്നു നമ്മുടെ നാട്ടും,മനസ്സും
നന്മയാണു നിറവ്
സ്നേഹമാണു വലുത്.

(മാളവിക.പി.ബി)

# കുമ്പസാരത്തിനു വേണ്ടി



നിൻ സ്നേഹമീ പാറകളാകിലും
ചങ്കിൽ കൊത്തി പ്രതിഷ്ഠിച്ചതെങ്കിലും
എന്റെ കാൽച്ചുവട്ടിൽ നീ വച്ചപ്പോൾ
മണ്ണു പോലെ പൊടിച്ചുകളഞ്ഞു ഞാൻ

നിന്റെ വീണതൻ കമ്പിയിൽ
നിന്നുയരുന്ന രാഗമെന്നാകിലും
എന്റെ ദുഖം മറയ്ക്കാൻ ഞാനിതിൻ
കമ്പിയെല്ലാം തകർത്തുകളയുന്നു

നിന്റെ സ്വപ്നമേ സുന്ദരമാകിലും
അമ്പിളിപോലെ വെൺമയെന്നാകിലും
ദൂരേ വിജയത്തിൻ ചെങ്കൊടി പാറുവാൻ
താഴെ ഇരുളിലായി തേടി നടന്നു ഞാൻ

പുനർജനിക്കും എൻ മനസ്സു പിന്നെയും
ഒരിക്കൽ നിന്റെ തപസ്സുകൊണ്ടതിൻ
സ്മൃതികളെല്ലാം വീണ്ടെടുക്കുന്നു ഞാൻ
പുതിയ ചില്ലയിൽ ചേക്കേറുമിന്നുനാം

നന്ദന.കെ.ആർ (+1 സയൻസ്)

# സൗഹൃദം



രവിയും രാമുവും കൂട്ടുകാരാണ് . രവി നല്ല കൂട്ടുകാരനാണ്.എന്നാൽ,
രവിയെയും മറ്റ ആളുകളേയും രാമു അങ്ങനെ വിശ്വസിച്ചിരുന്നില്ല . എന്നാൽ ഇതൊന്നും രവിക്കു മുമ്പിൽ പ്രകടിപ്പിച്ചിരുന്നില്ല.

അങ്ങനെയൊരു അപ്രതീക്ഷിത സാഹചര്യത്തിൽ രാമു രവിയുടെ കൈയിൽ കുറച്ച പണം ബാങ്കിലടക്കാനായി നൽകി.രവി പോയപ്പോൾ മുതൽ രാമുവിന് ആധിയായി.രവി തന്നെ കബളിപ്പിക്കുമോ എന്നും രാമു ഓർത്തു. സാഹചര്യങ്ങൾ മൂലം രവി മടങ്ങി വരാനും താമസിച്ച രാമുവിന്റെ ചിന്തകൾ ...ഉടനടി രവിയ്ക്കെതിരെ പോലീസിനെ വിളിച്ചുവുരുത്തി രവിക്കായി പോലീസ് തിരച്ചിൽ നടത്തി അപ്പോൾ ദേ വരുന്നു കഥയൊന്നും അറിയാതെ നമ്മുടെ രവി

'' ബാങ്ക് താമസിച്ചാണ് തുറന്നത് ,അതിനാൽ പൈസ അടക്കാനും ഞാൻ വരാനും വൈകി'' പറഞ്ഞ് നിറുത്തിയതും രവിയുടെ കൈയിലേക്ക് പുറകിൽ നിന്ന് പോലീസ് വിലങ്ങിട്ടു കാര്യം ഒന്നും അറിയാതെ രവി പോലീസിനോടായി കാര്യം തിരക്കി. രവിയുടെ ശരിയായ വാദങ്ങൾ പോലീസിനെക്കൊണ്ട് വിലങ്ങഴിയിപ്പിച്ചു . കണ്ണുനിറഞ്ഞ രവി രാമുവിനോടായി പറഞ്ഞു ,നമ്മുടെ സൗഹൃദം ഇവിടെ അവസാനിപ്പിക്കാം. കാരണം നീ എന്നെ വിലങ്ങണിയിപ്പിച്ചതോ, നാട്ടുകാരുടെ മുന്നിൽ നാണം കെടുത്തിച്ചതിനോ അല്ല. നമ്മുക്കിടയിൽ വിശ്വാസമില്ല. അതാണ് ഒരു സുഹൃത് ബന്ധത്തിന്റെ അടിസ്ഥാനം നല്ല ചങ്ങാതിയെ നഷ്ടപ്പെടുത്തിയതോർത്ത് രവി ദുഖിച്ചു.

(മാളവിക.പി.ബി)

# तलाश



आकाश की ओर उठती लहरों से ,
पूछती वह,देखा है मेरी माँ को
सिर पटककर वे बोले हँसकर
न...न...न मेरी पागली बेटी ।
आँख मूदते तारों से भी
पूछती,तुझमें मेरी माँ कौन
वे भी मूक कहे.समझ नहीं आता
आँसू पोंछकर मुडी सुकन्या ।

बरसती वर्षा से,मन्द पवन से,
पूछ रहीवह भरी आखों से
शीतल स्पर्श से वे भी बोले
माफ करो,हम भी न देखे

मन्दिर जाकर प्रतिदिन बोली-
कह दो भगवान कहाँ प्यारी माँ
हँस के बिना फिर कुछ न कहे
तु भी औरों के समान ।

जहाँ हो वहाँ आखें खोलकर
खोज रही हुँ तुझको माँ
पर अब तक मिल न पाई
करुणार्द बेटी पथाक्रान्त है ।

आशा है मन में व्यर्थ ही हो
नाश ही होगी जल्द ही मेरी
अगली जनम तेरे ही साथ
जिन्दा रहना काफी इच्छा है ।

हाथ जोडकर कर रही प्रार्थना
हे ईश्वर, उसे सफल बना दो ।
बिना आशा न रही मन में,
बिना माँ से न रही भुवन में ।


प्यारी थी ,यह क्या किया तू ने
भोली बेटी क्या किया तुझ से
ईश्वर सदा दयालू है न
दया करें, जीता व्यर्थ ही..... ।

इन्दिरा.के आर



## ആരാച്ചാർ

"ഭൂമിയിലെ മരണത്തെക്കാൾ
അനിശ്ചിതത്വം പ്രണയത്തിന്
മാത്രമേയുള്ളൂ"
കെ.ആർ. മീര




**മലയാള സാഹിത്യത്തിലെപുത്തൻ പെൺക്കരുത്തായ കെ.ആർ. മീരയുടെ എക്കാലത്തേയും മികച്ച നോവലുകളിൽ ഒന്നാണ് ആരാച്ചാർ. തന്റെ നിലനിൽപ്പ് തന്റെവാക്കുകളിലാണെന്ന് ഉറക്കെവിളി-ച്ച് പറഞ്ഞ എഴുത്തുക്കാരിയാണ് കെ.ആർ. മീര. പത്രപ്രവർത്തനത്തിലൂടെ എഴ-ത്തിലേക്ക് കടന്നു വന്നു.മലയാളിസ്ത്രീകളുടെ ആത്മാവിഷ്കാരമാണ് ഈ എഴുത്തുക്കാ-രിയുടെ എല്ലാ രചനയുടെയും അടിസ്ഥാനം.സ്ത്രീകൾ ഇന്നേവരെ കടന്നുചെല്ലാത്ത മേഖലകളിൽ ഊന്നിയാണ് ഓരോന്നും എഴുതിയിട്ടുള്ളത്. അതിൽ എറ്റവും അപൂർവ്വമായ സൃഷ്ടിയാണ് ആരാച്ചാർ. ആഖ്യാനശൈലി കൊണ്ട് ഭാഷാനൈപുണ്യം കൊണ്ടും മിഴിവുറ്റതാണ് ഈ നേവൽ. പുതുയുഗത്തിലെ സ്ത്രീകൾക്ക് നൽകുന്ന ഒരു നല്ല വഴികാട്ടിയായും ഈ നോവലിനെ കാണാം. ഈ നോവലിന് സർവരച്ചിട്ടുകയാണ് ലൗകികമാനമുണ്ട് വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്,കേന്ദ്ര സാഹിത്യ അക്കാദമി എന്നിവ ഈ നോവലിന് ലഭിച്ചിട്ടുണ്ട്.**

**"പുരുഷന്റെ സ്നേഹവും സ്ത്രീയുടെ സ്നേഹവും**
**രണ്ടാണ്......**
**ആഹ്ലാദിപ്പിക്കുന്നവളെ മാത്രമേ പുരുഷന് സ്നേഹിക്കാൻ കഴിയൂ......**
**സ്ത്രീക്ക് അവളെ വേദനിപ്പിക്കുന്നവനേയും സ്നേഹിക്കാൻ കഴിയും"**

**ഭാരതീയ സ്ത്രീത്വത്തെ ചേതന എന്ന പെൺകുട്ടിയിലൂടെ വരച്ചിടുകയാണ് എഴുത്തുക്കാ-രി.ഇന്നേവരെ ആരും നിനച്ചിട്ടില്ലാത്ത ഒരു ആശയമാണ് ആരാച്ചാർ തുറന്നു കാട്ടുന്നത്**

## പ്രതിഭ

സ്ത്രീയ്ക്ക് ഇന്ന് എവിടെയും പ്രവേശനമുണ്ടെന്ന് ഉറക്കെവിളിച്ച് പറയുന്നു. കീഴവഴക്കങ്ങളെ പഴങ്കതകൾ ആക്കുന്നു. നാന്നുറ്റി ആൻപത് പേരെ തൂക്കിക്കൊന്ന ഗ്യദ്ധാമല്ലിക്കിന് സ്ഥാനകൈമാറ്റം ചെയ്യേണ്ടിവന്ന തന്റെ മകൾക്ക് കുലിത്തൊഴിൽ ആവട്ടെ ആരാച്ചാ-ർ വ്ധി അവളെ അപൂർവ്വമായി നിയോഗം ഏൽപിച്ചപ്പോൾവ്യവസ്ഥിതികളുടെ മതിലു-ൾ അവളക്ക് പൊളിക്കേണ്ടവന്നു .തീരുമാനം എടുക്കാനും അത് നടപ്പാക്കാനും ഇച്ഛാ-ശക്തിയുളള സ്ത്രീ എന്ന് ചരിത്രം അവളെ രേഖപ്പെടുത്തട്ടെ കപടനാട്യത്തിന്റെ പുരിഷ പ്രതീകമായ കഥയിലെ സഞ്ജീവ്കുമാർ മിത്രയ്ക്ക് അവൾ ഒരു തൂക്കുകയർ ഒരുക്കി പ്രതികാരത്തിന്റെ ചൂടിൽ കുരുക്കി എടുത്തകയർ.

ശ്രീലക്ഷ്മി.എസ്.ജെ +1 സയൻസ്

# പൊരുതുക

## പോരാടുക



ലോകനന്മയ്ക്കുവേണ്ടി

ജീവിതം ഒഴിഞ്ഞുവെച്ച

ലോകധീരർക്കുവേണ്ടി

പ്രയത്നിക്കുക

പ്രസംഗിക്കുക

പ്രതിസന്ധികൾ ഒഴിവാക്കി

ഒന്നിനെയും ഭയക്കാതെ

പൊരുതുക

പോരാടുക

നമ്മുടെ നാടിൻ നന്മക്കായ്.......

മാളവിക.പി.ബി 8E



## കേരള ക്വിസ്

**1.**വയനാട് ചുരം എത് ജില്ലയിലാണ് ?

**2.**കേരള മോപ്പസാങ് എന്നറിയപ്പെടുന്നതാരെ?

**3.**ഇന്ത്യയിലെ ധവളവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാരെ?

**4.**ദക്ഷിണ ഭാഗീരഥി എന്നറിയപ്പെടുന്നതാരെ?

**5.**കേരള ലിങ്കൺ എന്നറിയപ്പെടുന്നതാരെ?


**6.**കേരളത്തിലെ ഉപ്പു സത്യാഗ്രഹത്തിന്റെ പ്രധാനവേദി?

**7.**കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷിചെയ്യുന്ന കിഴങ്ങുവിള ?

**8.**കോഴിക്കോട് വിമാനത്താവളം സ്ഥിതിചെയ്യുന്ന കരിപ്പൂർ എത് ജില്ലയില്ണ്?

**9.**പാപനാശം കടപ്പുറം എത് ജില്ലയിലാണ്?

**10.**കുറിച്യകലാപത്തിന് വേദിയായജില്ല?



**11.**കേന്ദ്ര പ്രതിരോധമന്ത്രിയായ ആദ്യമലയാളിയാര്?

**12.**കേരളത്തിലെ ലോകസഭാമണ്ഡലങ്ങളുടെ എണ്ണം?

**13.**കേരളത്തിൽ എറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല?

**14.**കേരളത്തീരത്തുള്ള ഒരു കേന്ദ്രഭരണപ്രദേശം?

**15.**കേരളത്തിന്റെ സംസ്ഥാനപുഷ്പം?

**16.**ശ്രീനാരയണഗുരു പ്രസിദ്ധമായ അരുവിപ്പുറം പ്രതിഷ്ഠനടത്തിയ വർഷം?

**17.**കേരളബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന്റെ പേര്?

**18.**ക്ഷേത്രപ്രവേശന വിളംബരം നടത്തിയ തിരുവിതാംക്കൂർ രാജാവ്?

**19.**ഫാൽക്കെ അവർഡിനർഹനായ ആദ്യമലയളിയാര്?

**20.**ഒന്നാം കേരളനിയമസഭയിലേയ്ക്ക് ഇലക്ഷൻ നടന്ന വർഷം?

**21.**ഹോർത്തൂസ് മലബാറിക്കസിന്റെ രചനയിൽ സഹായിച്ച മലയളിയാര്?

**22.**പത്തനംതിട്ട ജില്ലയിലെ ഏക റെയിൽവേ സ്റ്റേഷൻ?

**23.**'ദക്ഷിണമൂകാംബിക'എന്നറിയപ്പെടുന്ന സരസ്വതിക്ഷേത്രം എവിടെയാണ്?

**24.**മലയാളസർവകലാശാലയുടെ ആസ്ഥാനം?

**25.**കുറുവദ്വീപ് സ്ഥിതിചെയ്യുന്നത് എത് നദിയിൽ ?

**ഉത്തരം**

**(1)**കോഴിക്കോട്,**(2)** തകഴി ശിവശങ്കരപിള്ള,**(3)** ഡോ.വർഗ്ഗീസ് കുര്യൻ,**(4)** പമ്പ,**(5)** പണ്ഡിറ്റ് കറുപ്പൻ, **(6)** പയ്യന്നൂർ,**(7)** കപ്പ,**(8)** മലപ്പുറം,**(9)** വർക്കല (തിരുവനന്തപുരം),**(10)** വയനാട്, **(11)**വി കെ കൃഷ്ണമേനോൻ, **(12)**ഇരുപത്,**(13)** മലപ്പുറം,**(14)** മാഹി,**(15)** കണിക്കൊന്ന, **(16)1888**,**(17)**തളിര്,**(18)** ശ്രീ ചിത്തിരതിരുന്നാൾ ബാലരാമവർമ്മ മഹാരാജാവ്,**(19)** അടൂർ ഗോപാലകൃഷ്ണൻ,**(20)1957**,**(21)**ഇട്ടിഅച്യുതൻ, **(22)**തിരുവല്ല, **(23)**പനച്ചിക്കാട്, **(24)**തിരൂരിലെ തുഞ്ചൻപറമ്പ്, **(25)**കബനി നദി

തയ്യാറാക്കിയത്     ഷാജി പി ജെ , എച് എസ് എ

**മധുരം**




**മധുരമീ ജീവിതം**
**മഞ്ഞ കിളിയെ പോലെ**
**മൃദുവും വേദനയും ഒരുമിച്ച ജീവിതം**
**വേദന മറന്നീടുവിൻ**
**ആസ്വാദനം തുടങ്ങുവിൻ**
**ആസ്വദിച്ച ജീവിതത്തെ മധുരമാക്കി മാറ്റുവിൻ**

**മാളവിക.പി.ബി 8E**

# കരിമണൽ



കരിമാനം കണ്ടുമടങ്ങുന്ന
കടൽ മക്കൾ ഞങ്ങൾക്ക്
കരിമണൽ ആയിരുന്നുഞങ്ങൾക്കൊരു
അത്താണിയും അഭയവും
കരിമണൽ കൊള്ളയടിച്ച് കഴിഞ്ഞപ്പോൾ
കരിവെള്ളവും കടൽവെള്ളവും കയറി
നശിക്കുന്നു മുക്കുവകുടിലുകൾ ഓരോന്നായി
കേണപേക്ഷിച്ചുകൈത്താങ്ങിനായി
കാണുന്നില്ലകടൽ മക്കൾ തൻ രോഷം
ഒരുനാൾ മരിക്കുവോളം എനിക്കും ഇവിടെ
ജനിച്ച മണ്ണൽ ജീവിക്കണം
ജനിച്ചുപോയി മനുഷ്യനായി ഞാൻ
മറന്നുക്കൊള്ളൂ കടൽമക്കൾ ഞങ്ങളെ
വെറുത്തുകൊള്ളൂ നിങ്ങൾ പക്ഷേ
വിശന്ന വയറിൽ തീയാളുമ്പോൾ
വീണ വായിക്കരുതേ നിങ്ങൾ



പിറന്ന മണ്ണിൽ മനുഷ്യപുത്രന്
നിറഞ്ഞദുഖം മാത്രം
ആലപ്പാട്ടിൽ [1]നിറഞ്ഞ ദുഖം മാത്രം

കനകാംബരൻ.എ.            എച്ച് .എസ്  .എ .,ഗവ. ഡിവിഎച്ച് എസ്എസ്  ചാരമങ്കലം

1 കരിമണൽ ഖനനം നടക്കുന്ന കൊല്ലം ജില്ലയിലെ ഒരു തീരദേശഗ്രാമം

## ജന്മവെട്ടം



വിദ്യയാണെന്റെ വിജയം
സ്നേഹമാണെന്റെ വിനയം
നല്ലൊരു നാളേക്കായി സ്നേഹത്തിൻ തംബുരു മീട്ടും
നിലവിളക്കിൻ തിരിവെട്ടം
തളംകെട്ടുന്ന ഇരുട്ടിൽ
തുണയായി എത്തുന്ന നറുങ്ങുവെട്ടം
പാരിനെ നയിക്കുന്ന സ്നേഹവെട്ടം
വേനലും വെയിലും നിന്നുടെ കിരണവെട്ടം
കിരണങ്ങൾ നൽകുന്ന കരുണവെട്ടം
ദൈവമേ നിന്നുടെ ദാനവെട്ടം
ദിനങ്ങൾ നീളും ദൈവമേ നിന്നിൽ
നിറയുന്നു എന്റെ ജന്മവെട്ടം .

(മാളവിക.പി.ബി)



## ആശ്രയം

പ്രളയത്തിൽ സ്തബ്ദമാം കേരളം നമ്മോട്
ചൊല്ലാൻ മറന്നുപോയ് വരും ദിനങ്ങൾ
രാമൻ തൻ പരശുവാൾ നേടിയ നല്ലിടം .
ആകേരളം തന്നിൽ ഭയപ്പാട്ക്കണ്ടീല
പ്രളയം വരും തൻ അവസരത്തൽ
മലകൾ ഒലിച്ചങ്ങ് സമുദ്രത്തിൽ എത്തിപ്പോയ്
മഴയും ഭീതിയുണർത്തിച്ചെത്തി.
നാട്ടുകൾ , വീട്ടുകൾ എല്ലാം ഉപേക്ഷിച്ച നാട്ടാർക്കൊരാശ്ര-
യം കേവലം സ്നേഹം മാത്രം
മാനവനുപേക്ഷിച്ച മാനവരാ-
ശി ഉപേക്ഷിച്ച സ്നേഹം മാത്രം....
നാം ഇന്നു കാണുന്ന കേരളം തന്നിൽ
പാറട്ടെ സ്നേഹത്തിൻ പൊൻക്കൊടികൾ.......
പാറട്ടെ ഒരുമയുടെ പൊൻക്കൊടികൾ.......

- നീരജ് കൃഷ്ണ.യു 9B



## മഹാപ്രളയം

2018 ഓഗസ്റ്റ് മാസത്തിലാണ് നമ്മുടെ നാടിനെ നടുക്കിയ മഹാപ്രളയം ഉണ്ടായത് .പ്രകൃതിയുടെ ഒരു തുമ്മലിൽ മനുഷ്യന്റെ അഹങ്കാരങ്ങളും പ്രതികാരങ്ങളും പരസ്പര മത്സരങ്ങളുമെല്ലാം ഒലിച്ചുപോയ അവസ്ഥയാണ് നാം കണ്ടത് .പട്ടുമെത്തയിലും പുൽപായയിലും കിടന്നവർ ആശ്വാസകേന്ദ്രങ്ങളിൽ ഒരുമിച്ച് തറയിലും ബഞ്ചിലും കിടന്നുറങ്ങുന്ന അത്ഭുതക്കാഴ്ച്ച.ഉള്ളവനും ഇല്ലാത്തവനും ഒന്നാണെന്ന പാഠമാണ് ദിവസങ്ങൾ കൊണ്ട് പ്രകൃതി നമ്മുക്ക് കാട്ടിതന്നത് .തലേദിവസം ചെറിയ പിണക്കങ്ങളും  വലിയ അഹങ്കാരവും കൊണ്ട് പരസ്പരം മുഖം നോക്കാൻ മടിച്ചവർ ഒരേ പാത്രത്തിൽ പങ്കിട്ടു കഴിച്ചു മതത്തിന്റെയും സംഘടനയുടെയും രാഷ്ട്രീയത്തിന്റെയും പേരിൽ പരസ്പരം കൊമ്പുകോർത്തവരും വാളോങ്ങിയവരും എല്ലാ വിദ്വേഷങ്ങളും മറന്ന് സമൻമാരാകുന്ന കാഴ്ച്ച നമ്മുക്ക് മുന്നിൽ അനുഭവവേദ്യമായി.കോടികൾ പൊടിച്ച് കല്യാണം നടത്തി ആർഭാടത്തോടെ പണവും ഭക്ഷണവും ധൂർത്തടിച്ച് കളഞ്ഞവരെല്ലാം  ആരെങ്കിലും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് കൊണ്ടുവരുന്ന ഭക്ഷണപൊതിയും കാത്തിരിക്കുന്ന ദയനീയമായ അവസ്ഥയാണ് നമ്മൾ കണ്ടത് .പണവും സ്ഥാനമാനങ്ങളും കുലമഹിമയുമെല്ലാം കാട്ടി അഹങ്കരിക്കുന്നവർക്കും പരസ്പരം പരിഹസിക്കുന്നവർക്കുമെല്ലാം ഇതൊരു വലിയ പാഠമായി.മനുഷ്യൻ പ്രകൃതിക്ക് മാലിന്യമുൾപ്പെടെ കൊടുത്തതെല്ലാം പ്രകൃതി തിരികെ നൽകി.ഒരായുസ്സുകൊണ്ട് വെട്ടിപിടിച്ചതെല്ലാം ഒറ്റരാത്രികൊണ്ട് നഷ്ടമായി.

രാജലക്ഷ്മി.ആർ 8E



# പ്രകൃതി



സന്ധ്യമയങ്ങുകയായ് രാത്രിവരവിനെ

കാത്തിരിപ്പൂതാരം കളകള ശബ്ദമായ്

ഒഴുകുമീ പുഴയുടെ ഭംഗിഞാനാസ്വദിച്ച

ഇന്നലെ വാടിയ പൂക്കളെ

നോക്കികരയുന്നു

പൂക്കൾ ചെടികൾ

ആരുവരച്ചിത് ആരുവരച്ചിത്

മാനത്തെ അമ്പിളിയെ

അമ്മ മനസ്സുകൾ പാടിയുറക്കുന്ന

മാനത്തെ അബിളിയെ

സന്ധ്യമയങ്ങയായ് രാത്രിവരവിനെ

കാത്തിരിപ്പൂതാരം

നിമിഷ പി 8A

# പ്രതീക്ഷ



ഞാൻ പ്രതീക്ഷിക്കുന്നു

ഞാൻ ആഗ്രഹിക്കുന്നു

നന്മ നിറഞ്ഞ ദിനം

യുദ്ധമില്ല വഴക്കില്ല

ഭൂമിയിൽ നന്മമാത്രം വിളയുന്ന നാളുകൾ

എവിടെയാ എന്റെ ധീരയോദ്ധാക്കളെ

എവിടെനിന്ന് എവിടെനിന്നണയുന്നുവോ

ആളിക്കത്തുന്ന റാന്തലിൻ തിരിപോലെ

അണയുന്ന മനസ്സിന്റെ മനസ്സിൽ നിറങ്ങളായ്

ഞാൻ പ്രതീക്ഷിക്കുന്നു

ഞാൻ ആഗ്രഹിക്കുന്നു

നന്മ നിറഞ്ഞ ദിനം

**നിമിഷ.പി.ബി (8A)**

# കേരളം ക്ഷണിച്ചുവരുത്തിയ പ്രളയം





ഭാരതത്തിന്റെ
തെക്കേയറ്റത്ത്
പ്രകൃതിയുടെ
വികൃതിപോലെ
പ്രകൃതിസൗന്ദര്യത്താൽ ലോകത്തിന്റെ
നെറുകയിൽ കയറി നിൽക്കുന്ന ഒരു ചെറിയ ഭൂപ്രദേശം. "കേരളം". കഴിഞ്ഞ നാളുകളിൽ ലോകം ചർച്ച ചെയ്തതും ഈ കൊച്ചുകേരളത്തെക്കുറിച്ചുതന്നെ.പ്രകൃതിനടത്തിയ പ്രതികാരം ഏറ്റുവാങ്ങി തളർന്നിരിക്കുകയാണ് ഇന്ന് ഈ നാട്. കാസർകോട്ടുമുതൽ കന്യാകുമാരിവരെ പേടിച്ച് വിറങ്ങലിച്ച് നിന്ന ആ സംഭവം നാം "പ്രളയം "എന്ന ഓമനപ്പേരിട്ടുവിളിച്ചു.എന്തായിരുന്നു ഈ പ്രളയം ? എങ്ങനെയാണ് അത് ഉണ്ടായത് ? ഇനി ഉണ്ടാവാതിരിക്കാൻ നാം എന്ത് ചെയ്യണം ? തുടങ്ങി എന്തെങ്കിലും നാം ഇന്ന് ചിന്തിക്കുന്നുണ്ടോ ? "ഇല്ല " അത്രതന്നെ. ഒരു ഉത്സവം ആഘോഷിച്ച ലാഘവത്തോടെ നാം പ്രളയവും ആഘോഷിച്ചുകഴിഞ്ഞു. എന്നാൽ നമുക്ക് ഇനി ആ പ്രളയജലത്തിൽ ഒന്ന് ഊളിയിട്ടുനോക്കാം.

പരശുരാമൻ മഴുവെറിഞ്ഞ് കടലിൽനിന്നും വീണ്ടെടുത്ത ഈ കൊച്ചു ഭൂമി, ജലത്തെ ഭയപ്പെടുന്ന തെന്തിന് ? മുൻപൊരിക്കലും നാം ജലത്തെ ഭയപ്പെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ ജൂലൈ മാസത്തിൽ നാം ഭയന്നുവിറച്ചു. വിറച്ചു വിറങ്ങലിച്ചു. മലയോരങ്ങൾ ഒലിച്ചു പുഴയോരങ്ങളിലെത്തി. പുഴകൾ വഴിമാറി പട്ടണങ്ങളിലുമെത്തി. സുരക്ഷിതമെന്നുകരുതി മണിമാളിക പണിതവർ അതിനടിയിലും വെള്ളമാണെന്ന് തിരിച്ചറിഞ്ഞു. വെള്ളത്തിൽ കഴിഞ്ഞിരുന്ന കുട്ടനാട്ടുകാർ കുടിവെള്ളത്തിനായി അലമുറയിട്ടു. സ്വാദുള്ള ഫൈവ്സ്റ്റാർ ഭക്ഷണം കഴിച്ചിരുന്നവർ ഒരുനേരത്തെ ഭക്ഷത്തിനായി ഹെലികോപ്ടറുകൾ തേടി നിന്നു. തൊട്ടുകൂടാത്തവർ പൂണൂലുകാരന് ഭക്ഷണം വിളമ്പി. ക്ഷേത്രമുറ്റങ്ങൽപോലും ക്യാമ്പുകളായിമാറി. അമ്പലങ്ങളിലും പള്ളികളിലും ഭക്ഷണംതരുന്ന ദൈവങ്ങൾക്ക് .ഒരേരൂപമാണെന്ന്നാം തിരിച്ചറിഞ്ഞു

രാഷ്ട്രീയകോമരങ്ങൾ പുതിയമുഖം മൂടിയണിഞ്ഞ് നമുക്ക്മുന്നിലെത്തി. പാവം മനുഷ്യർ "കിട്ടിയതെല്ലാം നമുക്ക്,കിട്ടേണ്ടതെല്ലാം എനിക്കുതന്നെ "എന്ന മുദ്രാവാക്യം ഏറ്റുചൊല്ലി. ഗർഭിണികൾപോലും രാഷ്ട്രസേവനത്തിന്റെ മഹത്വം തിരിച്ചറിഞ്ഞു. പുച്ഛിച്ചുതള്ളിയിരുന്ന മത്സ്യത്തൊഴിലാളികൾ നമുക്ക് സംപൂജ്യരായി. ഇങ്ങനെ

**പ്രളയം നമ്മിൽ എന്തെല്ലാം മാറ്റങ്ങ ളാണ് കുറച്ചുനാളത്തേക്കെങ്കിലും വരുത്തിയത് എന്ന് ചിന്തിക്കുന്നത് തന്നെ വളരെ രസകരം**

ആരായിരുന്നു ഈ പ്രളയത്തിന് കാരണക്കാർ ? ഉത്തരം ഒന്നേയുള്ളൂ. "നാം തന്നെ." ലാഭേച്ഛ മാത്രം ലക്ഷ്യമാക്കിയ മലയാളി ,പ്രകൃതിയെ മറന്നു. മനുഷ്യനെ മറന്നു. മനുഷ്യത്ത്വം മറന്നു. പരസ്പരം പോരടിച്ചും, മത്സരിച്ചും, വെട്ടിപ്പിടിച്ചു. 44 നദികൾ നിറഞ്ഞ നാടിനെ നാം 44 തോടുകൾ നിറഞ്ഞതാക്കാൻ ശ്രമിച്ചു. പുഴയോരങ്ങൾനികത്തി നാം ഫ്ളാറ്റുകൾ നിർമ്മിച്ചു. നൂറുമേനിനിറഞ്ഞിരുന്ന പാടങ്ങൾ പലതും ഷോപ്പിങ് മാളുകളായിമാറി. മലയോരങ്ങൾ ചുരന്ന് സുഖവാസകേന്ദ്രങ്ങൾ നിർമ്മിച്ചു. പുഴയുടെ വഴി നമുക്ക് സൗകര്യമുള്ളിടത്തുകൂടിയാക്കി. ശുദ്ധജലം ഒഴുകിയിരുന്ന പുഴകൾ പലതും മാലിന്ന്യക്കുഴികളായിമാറി. അല്പമെങ്കിലും ജലം ഒഴുകിയിരുന്നിടത്ത് ഡാമുകൾ നിർമ്മിച്ചതോടെ അതിന്റെ ഒഴുക്കും നിലച്ചു. നമ്മുടെ സുഖം മാത്രം നോക്കിയപ്പോൾ കുളത്തിൽ ജീവിച്ചിരുന്ന മത്സ്യങ്ങളെയോ മലയിൽ വസിച്ചിരുന്ന മൃഗങ്ങളെയോ നാം ഓർത്തില്ല. വൈദ്യുതിയുൽപാദിപ്പിച്ച് കാശുണ്ടാക്കാൻ ആർത്തിമൂത്തിരുന്ന ഭരണവർഗ്ഗം പാവം മവുഷ്യജീവനെക്കുറിച്ച് ചിന്തിക്കാൻ ബോധമില്ലാത്തവരായിമാറി. പ്രകൃതിയെ ചൂഷണംചെയ്തപ്പോഴെല്ലാം നാം നമ്മുടെ ശക്തിയെക്കുറിച്ച് മാത്രം ചിന്തിച്ചു. പ്രകൃതിയുടെ ശക്തിയെ തമസ്കരിച്ചു. ഇതിന്റെയെല്ലാം ഫലമായിരുന്നില്ലെ നമ്മുടെ പ്രളയം ? പുഴയുടെ വഴി തടഞ്ഞപ്പോൾ നിറഞ്ഞ പുഴകൾ പുതിയവഴികൾ കണ്ടെത്തി. അപ്പോൾ പുഴ കയ്യേറിപ്പണിത മണിമാളികകളും പട്ടണങ്ങളും അവ തന്റെ വഴികളാക്കി മാറ്റി. സ്വാഭാവികമായി ഒഴുകാൻ സമ്മതിച്ചാൽ , അധവാ , അത്യാർത്തിയില്ലെങ്കിൽ ഒരുപുഴയും കവിഞ്ഞൊഴുകില്ല. ഒരുപ്രളയവും ഭയപ്പെടുത്തില്ല. മുഴുവൻ പുഴവെള്ളവും ഒഴുകിയെത്തിയാലും സ്വീകരിക്കാൻ നമ്മുടെ സമുദ്രത്തിനുകഴിയും എന്നത് യാധാർത്ഥ്യം. അപ്പോൾ ജലം ഒഴുക്കിയെത്തിക്കാനുള്ള തോടുകൾ നികത്തിയതും ജലത്തിന്റെ ഒഴുക്കുതടഞ്ഞതും തന്നെയല്ലേ നമ്മുടെ പ്രളയകാരണം ? . അടുത്തകാലത്ത് ചെന്നൈയിൽ ഉണ്ടായ പ്രളയം പോലും നമ്മെ പാഠം പഠിപ്പിച്ചില്ല എന്നതുതന്നെ വാസ്തവം.

ഇനിയെങ്കിലും നമുക്ക് വിവേകത്തോടെ ചിന്തിച്ചുകൂടെ ? പ്രകൃതിനമ്മുടെ വികൃതിക്കുള്ള ഇടമല്ല .പകരം നമുക്ക് ജീവിക്കാനുള്ള ഇടമാണെന്ന് തിരിച്ചറിയുക. നമ്മെപ്പോലെതന്നെ എല്ലാ ജീവജാലങ്ങൾക്കും ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്ന് തിരിച്ചറിയുക. പ്രകൃതിയെ ചൂഷണംചെയ്തുകൊണ്ട്. നാം അത്യാർത്തികാട്ടുമ്പോൾ "എല്ലാവരുടെയും ആവശ്യങ്ങൾ പൂർത്തിയാക്കാനുള്ള സമ്പത്ത് ഈ ഭൂമിയിലുണ്ട്. എന്നാൽ അത്യാർത്തിക്കുള്ളതില്ല." ഗാന്ധി എന്ന മഹാത്മാവിന്റെ ഈ വാക്കുകൾ ഓർക്കുക.വൈദ്യുതിയായാലും,ആണവോർജമായാലും എല്ലാം മനുഷ്യനുവേണ്ടി സൃഷ്ടിച്ചതാണ്. സ്വാഭാവിക പരിസ്ഥിതിയിൽനിന്നുവേണം അവ നേടാൻ .അല്ലാതെ ആർത്തിയോടെ അമിത ചൂഷണത്തിന് ശ്രമിക്കാതിരിക്കാൻ വിവേകമുള്ള ഭരണകൂടങ്ങളെ സൃഷ്ടിക്കുക. പരിസ്ഥിതി സൗഹൃദമായ വികസനം

**സാധ്യമാക്കുക. മലകളെ നശിപ്പിക്കാത്ത, തോടുകളും വയലുകളും നികത്താത്ത,കാട്ടുകൾ നശിപ്പിക്കാത്ത, കണ്ടൽക്കാടുകൾ രൂപമാറ്റം വരുത്തി പാർക്കുകളാക്കാത്ത, മലയോരങ്ങൾ വാട്ടർ തീം പാർക്കുകളാക്കാത്ത ഒരു പുതിയ കേരളത്തിനായി നമുക്ക് കാത്തിരിക്കാം. അന്നെങ്കിലും പ്രളയമില്ലാത്ത ഒരു കേരളം നമുക്ക് സ്വപ്നം കാണാം.**

**നീരജ് കൃഷ്ണ 9B**

# പ്രകൃതി



ആകാശ വീഥിയിൽ നീണ്ടു

കിടക്കുന്ന മാലിന്യം

പുഴകളും,വയലും വറ്റിവരണ്ടു

പ്രകൃതിയി മാലിന്യം തിന്നുന്നു

വേനൽക്കാലം എത്തിയാൽ

പിന്നെ,ഒരു പോക്ക് പോവും വൃക്ഷങ്ങൾ

ഒരു തുള്ളി ജലമോ

ബാക്കിവെയ്ക്കാതെ വറ്റിവറണ്ടു

കുളങ്ങളും,നദികളും

പ്ലാസറ്റിക്ക് മുതലായ ഖരവസ്തുക്കൾ

ഇന്നീ പൃകൃതിയിൽ കുന്നാണ്

ഇന്നീ പൃകൃതിയിൽ കുന്നാണ്

സൂര്യാമോൾ 8 E

# നൊമ്പരം



**എവിടെ എൻ നൊമ്പരക്കാറ്റേ**

**എൻ കണ്ണനീർ കാറ്റേ നീഎവിടെ**

**കാണാതെ പോകുന്ന കാഴ്ചകളും**

**കാണുന്നു ഞാൻ നിന്നിലൂടെ**

**പറയാതെ പോകുന്ന കാര്യങ്ങളും**

**പറയുന്നു നീ എന്നിലായി.....**

**അതിരുറ്റ സ്നേഹവുമൊന്നായ്**

**അറിയുന്നു ഞാൻ നിന്നിലൂടെ**

**കരൾ നൊന്ത് കരഞ്ഞുഞാനൊന്ന്**

**കടലിന്റെ കടവത്തുനിന്നു**

**അറിവിന്റെ വാതിൽ നീ തുറന്നു**

**അതിലൂടെ ഞാനൊന്നുനടന്നു**

**ഇനിയെന്നും ഞാൻനിന്നെ കാണും**

**ഇരുളിൽനിന്നകന്നു പോകാൻ**

**എന്തിനു നീ അരികത്തുവന്നു**

**എന്തിനകലുന്നുവിപ്പോൾ**

**( അഖില.ആർ 9 B)**

# പ്രളയം പ്രകൃതിയുടെ പ്രതികാരം



മനുഷ്യൻെ അതിരുവിട്ട പ്രവണതകൾ പ്രകൃതിയെ നാശത്തിലേക്ക് നയിക്കുന്നു.

മനുഷ്യൻെ ക്രൂരതകൾ കഴിയുന്നതും പ്രകൃതി ക്ഷമിക്കുകയാണ്.അതിനുദാഹരണമാണ് നാം നേരിൽകണ്ട പ്രളയം.എന്നിട്ടും മനുഷ്യൻെറ ക്രൂരതകൾ അവസാനിക്കുന്നില്ല.

ഇപ്പോൾ ഏറ്റവും കൂടുതൽ ചർച്ചാവിഷയം ആയിരിക്കുന്ന ഒരു വിഷയമാണ് പ്രകൃതിയുടെ നശീകരണത്തിന് പ്രകൃതി തന്ന തിരിച്ചടി.പ്രകൃതിയുടെ തിരിച്ചടിക്കുള്ള കാരണങ്ങൾ എന്താണ്?അതിനെക്കുറിച്ച് കൂടുതൽ ബോധ്യമുള്ളതും മനുഷ്യർക്ക് തന്നെയാണ്.ഇത്രയൊക്കെ അനുവദിച്ചിട്ടും നാം ഇതിൽ നിന്നും പിൻതിരിയുന്നില്ല.ഈ തിരിച്ചറിവ് ഇല്ലാത്തതാണ് മനുഷ്യൻെറ ഏറ്റവും വലിയ അറിവില്ലായ്മ

എന്തിനുവേണ്ടിയാണ് നാം പ്രകൃതിയെ നശിപ്പിക്കുന്നത്? പ്രകൃതിക്കും ജീവജാലങ്ങൾക്കും നാം ഉപദ്രവം അല്ലാതെ ഉപകാരം ഒന്നും ചെയ്തിട്ടില്ല.ഭൂമിക്കായാലും ഭൂമിയോളം താഴാനെ സാധിക്കൂ അല്ലാതെ മനുഷ്യൻെറ ക്രൂരതകൾ എന്നും പ്രകൃതി സഹിക്കണമെന്നില്ല. നാം കണ്ട പ്രളയത്തിന് ഒരു അവസാനം ഉണ്ടോ എന്നും ഉറപ്പിക്കാവതല്ല. അത്രയ്ക്ക് ക്രൂരതകളാണ് പ്രകൃതിയോടായി നാം ചെയ്തുകൂട്ടിയത്.

മനുഷ്യൻ പ്രകൃതിയെക്കുറിച്ച് ചിന്തിക്കുന്നത്  വളരെ വൈകിപ്പോയി .പ്രകൃതിയുടെ കൈകൾ ചലിക്കുമ്പോൾ. ഒരുപക്ഷേ, എല്ലാം നശിപ്പിച്ച മനുഷ്യർ പിന്നിലോട്ട് നോക്കുമ്പോൾ ചിലപ്പോൾ നാം ഉണ്ടാകില്ല.നമ്മൾ ഉണ്ടാകില്ല. കാൽവെയ്ക്കാൻ മണ്ണുണ്ടാവില്ല.തണൽ തരാൻ മരമുണ്ടാവില്ല. മരത്തിലിരുന്ന് പാടാൻ കിളിയും ഉണ്ടാവില്ല.

ഇതിനുത്തരവാദികൾ ആരാണ്?നാം ഓരോത്തർക്കുനേരേയും കൈചൂണ്ടുമ്പോൾ ബാക്കി മൂന്നു വിരലുകളും നമുക്ക് നേരെയാണ് ചൂണ്ടുന്നത് മനുഷ്യന് നന്നാവും. മനുഷ്യൻെറ ക്രൂരതകൾ  തുടർന്നാൽ പ്രകൃതി ദുരന്തങ്ങളും ഒരു തുടർക്കഥകളായിരിക്കുംഇനി നമ്മോടൊപ്പം ഇനി കരച്ചിൽ

പ്രതിഭ

**മാത്രം.ചിലപ്പോൾഇതെല്ലാം പ്രകൃതിയുടെ പ്രതികാരമായിരിക്കും.**
**പ്രതികാരമായിരിക്കും**

**(മാളവിക പി.ബി 8 )**

## മഴയുടെ സംഗീതം



വന്നു ഞാൻ വെള്ളിനൂലായി
ദൈവത്തിൻ പക്കൽ നിന്നും
അതെ സ്വർഗ്ഗത്തിൽ നിന്നും
സ്വീകരിച്ചു പ്രകൃതി എന്നെ
വയലുകളെയും താഴ്വരകളെയും അലങ്കരിക്കാൻ

ശോഭയേറിയ മുത്താണ് ഞാൻ
പവിഴമാണ് ഞാൻ
പ്രഭാത പുത്രി ഇറുത്തെടുത്തെന്നെ
ദൈവകിരീടത്തിൽ നിന്നും
പൂന്തോട്ടമലങ്കരിക്കാൻ
ഞാൻ കരഞ്ഞാൽ കുന്നുകൾ ചിരിക്കും
എന്റെ വിനയത്തിൽ പൂക്കൾ ചിരിക്കും
എല്ലാവർക്കും എന്താഹ്ലാദം ഞാനെത്തുമ്പോൾ

വയലും മേഘവും കമിതാക്കൾ
അവർക്കിടയിലെ ദൂതൻ ഞാൻ
അവരുടെ ദാഹവും രോഗവും
ശമിപ്പിക്കും ഞാൻ

ഇടിമിന്നലാണെന്റെ മുന്നൊരുക്കം
മഴവില്ലാണെന്റെ പുറപ്പെടൽ
ഭ്രാന്തൻ പാദത്തിൽ നിന്നു തുടങ്ങുമീ
ഭൗമിക ജീവിതമാണെന്റെ സ്വന്തം
കടലിന്റെ ഹൃദയത്തിൽ ജനിച്ച്
കാറ്റിൻ വേഗത്തിലലിഞ്ഞു ഞാൻ
ഒരു വയൽ കാണുമ്പോൾ പൂക്കളെയും മരങ്ങളെയും
ദശലക്ഷം വിധത്തിൽ ആലിംഗങ്ങൾ തഴുകി

അറിയിച്ചെൻ വരവ്വിനെ ഒരു സ്വാഗത ഗാനത്താൽ

## പ്രതിഭ

കേൾക്കാൻ കഴിയും എല്ലാവർക്കും എന്നാൽ
സംവേദനമുള്ളവർക്കേ മനസ്സിലാക്കാൻ കഴിയൂ


കാറ്റിന്റെ ചൂടെനിക്ക് ജന്മം നൽകി
പക്ഷേ ഞാനതിനെ കൊല്ലുകയാണല്ലോ
സ്ത്രീകൾ സ്വയം മനുഷ്യനെ
കീഴടക്കുന്നതു പോലെ

ഞാൻ കടലിന്റെ നെടുവീർപ്പാണ്
വയലിന്റെ പുഞ്ചിരിയും
സ്വർഗ്ഗത്തിന്റെ കണ്ണുനീരും

അതിനാൽ സ്നേഹത്തോടെ നിർത്തട്ടെ
ഞാൻ ആഴമുള്ള കടലിൽ നിന്ന് നെടുവീർപ്പിടുന്നു
വർണ്ണശബളമായ ആത്മാവിന്റെ ഉള്ളിൽ നിന്നുള്ള ചിരി
അനന്തമായ സ്വർഗ്ഗീയ ഓർമ്മകളുടെ കണ്ണീരൊലി

(ഖലീൽ ജിബ്രാൻ)

(പരിഭാഷ:ദേവു പി. എസ്)



## അമ്മയെന്നെ നോക്കിയോ

ആ പൊക്കിൾക്കൊടിയിൽ പറ്റിപ്പിടിച്ച് കിടന്ന ഓർമ്മകളാണ് വെയിലേറ്റ് കിടക്കുമ്പോഴും . കണ്ണുകളിലൂടെ ഉറുമ്പുകൾ ഇഴയുന്നുണ്ട്.

മുകളിലൂടെ പറന്നുപോകുന്ന പക്ഷികൾ മുഖത്തേയ്ക്ക് കാഷ്ഠിയ്ക്കുന്നുണ്ട്.

ആരാവും ആശുപത്രിയിലെ വേസ്റ്റ് ഒരു ബക്കറ്റിലാക്കി അവിടവിടെയായി മുറിഞ്ഞുകിടക്കുന്ന എൻെറ ശരീരഭാഗങ്ങളിലേയ്ക്ക് ഒഴുക്കിയത് ? അതിൽ സൂചി ഉണ്ടായിരുന്നോ?

എന്തോ ഒരു വസ്തു എൻ്റെ കണ്ണിലേയ്ക്ക് ആഞ്ഞു തറഞ്ഞു.

എനിയ്ക്ക് വേദനിക്കുന്നോ? അറിയില്ല.

വേദനിപ്പിക്കുന്ന ഒരോർമ്മ അമ്മയുടെ മനസിൽ ?

സാഹചര്യങ്ങൾ പ്രേരിപ്പിച്ചു.

എന്നെ ചുറ്റവരിഞ്ഞിരുന്ന സ്നേഹത്തുടിപ്പുകൾ ഓരോ കോശവും ജീവസുറ്റതാക്കിയത്എനിയ്ക്ക് ഓർമ്മയുണ്ട്.

വഴങ്ങേണ്ടിവന്നതല്ലേ എല്ലാവരുടേയും മുമ്പിൽ?

അവർക്ക് അറിയില്ലായിരുന്നല്ലോ അമ്മയുടെ വയർ എൻ്റെ സ്വർഗ്ഗമായിരുന്നെന്ന്.

ഒരു പ്രപഞ്ചത്തോളം സ്വാതന്ത്ര്യം അവിടെ എനിയ്ക്കുണ്ടായിരുന്നെന്ന്. ലഹരിയിൽ

ഞാനവിടെ നീന്തിത്തുടിയ്ക്കുകയായിരുന്നെന്ന്.

എനിക്ക് ആഗ്രഹമുണ്ടായിരുന്നു അമ്മയെക്കാണാൻ.

വെളിയിൽ തള്ളാൻ ബക്കറ്റിലേയ്ക്ക് വീഴുമ്പോഴും ഞാൻ നോക്കിയത് അമ്മയെന്നെ നോക്കിയോ എന്നായിരുന്നു.

പൊക്കിൾകൊടിയിലൂടെ കേട്ട ശ്വാസമിടുപ്പുകൾ എന്നെ കേൾക്കുന്ന ശബ്ദമായി ഒന്നു കേൾക്കാൻ.

ഇപ്പോൾ എനിയ്ക്ക് കണ്ണില്ല. ചെവിയില്ല.

കാക്കകളാണോ ഇഴജന്തുക്കളാണോ അതെല്ലാം കൊത്തിപ്പറിച്ചത്? അറിയില്ല..

ഞാനെത്ര നെട്ടുവീർപ്പെട്ടു. എൻെറ ഹൃദയം വിങ്ങിയിരുന്നു

ഏതോ മരുന്നാണെന്ന് അമ്മയെവിശ്വസിപ്പിച്ച് എനിയ്ക്ക് മെത്തയായി വിരിച്ച രക്തത്തിൽ കുത്തിവച്ചപ്പോൾ.

തിളച്ച എണ്ണയിൽ എന്നപോലെ ഞാൻ വെന്തുരുകി.

എങ്കിലും പൊക്കിൾക്കൊടി വിടാതെ ഞാൻ കറങ്ങി.

അമ്മേ എന്ന് ഞാൻ വിളിച്ച് കരഞ്ഞിരുന്നു.

അമ്മയറിഞ്ഞില്ലേ ഈ കുഞ്ഞ് ഒരു അഗ്നിഗൊളമായി മാറിയത്?

ഏതോ മയക്കുന്ന മരുന്ന് അമ്മയിലും കുത്തി മരവിപ്പിച്ചിരുന്നോ?

അപ്പോഴും എനിയ്ക്ക് അമ്മ കഴിച്ചിരുന്നവ കിട്ടിയതുകൊണ്ടാവാം ജീവനുണ്ടായിരുന്നു.

ഞാൻ കണ്ടു എനിയ്ക്ക് നേരേ നീണ്ടുവരുന്ന മുറിയ്ക്കുന്ന എന്തൊക്കെയോ ആയുധങ്ങൾ.

## പ്രതിഭ

**എൻ്റെ സ്വർഗ്ഗലോകത്ത് നിന്ന് ചെറു കഷണങ്ങളാക്കിയാണ് എന്നെ പുറത്തെടുത്തത്.**

**വെളിയിലിരുന്ന ബക്കറ്റിലേയ്ക്ക് എന്നെ ഇട്ട ശബ്ദം പോലും അമ്മ കേട്ടിട്ടുണ്ടാവില്ല.**

**അമ്മയക്കറിയോ ചില സൗന്ദര്യവർദ്ധകകമ്പനികൾ എന്നെപ്പോലെ ജനിയ്ക്കും മുമ്പേ മരിയ്ക്കുന്ന കുഞ്ഞുങ്ങളുടെ ശരീരങ്ങൾക്കായി കാത്തുകിടപ്പുണ്ട്. ആശുപത്രിയിൽ ഞാൻ കണ്ടതാണ് വിലയുറപ്പിയ്ക്കൽ . കുഞ്ഞുങ്ങളുടേതുപോലുള്ള മൃദുലചർമ്മം ഉണ്ടാക്കാൻ ചില ക്രീമുകൾക്കായി.എന്തു കാരണത്താലാണെന്നറിയില്ല, എന്നെ അവർക്ക് കൊടുത്തില്ല.**

**ഒരു മന്ത്രി അവിടെ വന്നതുകൊണ്ടാണോ അവിടെ വൃത്തിയാക്കിയത്? ഞാൻ കിടന്നിരുന്ന ബക്കറ്റ് എന്ത് വേഗത്തിൽ ആയിരുന്നെന്നോ വെളിയിലേയ്ക്ക് കൊണ്ട് പോയത്!**

**നാൽക്കവലകളിൽ എനിക്ക് വേണ്ടി അമ്മ ഇനി നിലവിളിയ്ക്കണ്ടല്ലോ.രാത്രിയിൽ യാമങ്ങളുടെ ആരംഭത്തിൽ കണ്ണനീർ ഒഴുക്കേണ്ടല്ലോ. ഒരു പെൺകുട്ടിയുടെ അമ്മയാകുന്നത് എന്തിനാണ്? വളർന്നാൽ എനിയ്ക്ക് ചുറ്റും മതിൽ കെട്ടില്ലേ? ഭാരമുള്ള ചങ്ങലകൾ കൊണ്ട് ബന്ധിയ്ക്കില്ലേ?**

**പെണ്ണായി പിറന്നാൽ പരിഹാസമേൽക്കേണ്ടിവരും.കല്ലു ചവച്ച് പൊടി തിന്നേണ്ടിവരും. ഞാനിവിടെ കിടക്കുമ്പോഴും മുദ്രാവാക്യങ്ങൾ. അമ്മ കേൾക്കുന്നുണ്ടോ?**

**അതിനാൽമുളയെടുക്കുന്നതിനുമുമ്പേ ഞാൻ മുറിയ്ക്കപ്പെട്ടെങ്കിലും എനിയ്ക്ക് നീറ്റലില്ല.**

**അമ്മയ്ക്കുചുറ്റു ഡോക്ടേഴ്സുണ്ട്. പരിചാരകരുണ്ട്. ബന്ധുക്കളുണ്ട്. എനിയ്ക്ക് കൂട്ടായി അഴുകിയ ഓടയും കൊതുകും ഈച്ചയും. ഇപ്പോൾ കുറച്ച് പട്ടികളും എത്തിയിട്ടുണ്ട്. എൻെറ അടുത്തേയ്ക്കാണവ നീങ്ങുന്നത്.**

**ഭൂമി ഞാൻ കണ്ടില്ലെങ്കിലും കുറച്ച് നാൾ അമ്മ എൻെറ ഭൂമിയായല്ലോ. നിലത്ത് വീണ**

**ഒഴുകിയ രക്തം നിലവിളിച്ചിട്ടാവും കുറച്ച് മാലാഖമാർ എന്റെ അടുത്ത് എത്തി യിട്ടുണ്ട്. മേഘം കടന്ന് ഞാൻ പറക്കുകയാണ്. ഈ പറക്കലിൽ കണ്ണീരില്ല. വേദനയില്ല.അമ്മ എപ്പോഴോ തുന്നിച്ചേർത്തുതന്ന സ്നേഹത്തിന്റെ പനിനീർപ്പൂക്കൾ മാത്രം.**

**പ്രീത. ടി.,എച് എസ് എ**

## മറ്റൊരു അവസരം

**(പരിഭാഷ ഗൗരി ലക്ഷ്മി 9A)**

**ഒത്തിരി ആഗ്രഹിക്കുന്ന നാം**

**പുതിയ തുടക്കത്തിനായ്**

**തോൽവിയിൽ നിന്നും വിജയത്തിലേക്ക്**

**തെറ്റുകൾ മായ്ച്ച് കുതിക്കുന്നനാം**

**മിഴിവാർന്ന തുടക്കത്തിനായ്**

**പുതിയൊരു ദിനാരംഭമെന്തിന്**

**ഹൃദയത്തിൻ ആഴത്തോളമുള്ള**

**ഉറച്ച തീരുമാനല്ലോ വേണ്ടൂ**

**ക്ഷമയുണ്ടെങ്കിൽ എന്നും**

**സുഖമായി ജീവിക്കാം**


**ഈ ഒളിയാർന്ന ലോകത്തിൽ**

**ഒരിറ്റ് സൂര്യപ്രകാശം ചേർക്കാം**

**തോൽവിയിൽ പതറാതെ മുന്നേറുക**

**പ്രത്യാശയുടെ നാളെ**

# Ode to India



**Standing**

**ON**

**The tears, the blood**

**The words, the deeds**

**Of martyrs, can you guess from**

**Where the wilderness overflows Indus,**

**The beauty of beauty,**

**The purity of purity ?**

**Can you remember the glorious past?**

**Nalandha gave you bread**

**Takshila poured you honey**

**While you hid at the shade of Mighty Himalaya.**

**Saw shadow of Buddha near Mahavira,**

**Swam gracefully in the depths**

**of the Ganges and the Yamuna.**

**Watch you now the God's own country!**

**Moving in darkness!**

**Growth in dust and dirt!**

**Burning heat on wet land!**

**Shower of bribing!**

**Digging wells of corruption!**

**Borrowing wastes of globe!**

**Cutting veins of love!**

**You killed Muhammad,**

**So I would kill Rama!**

**Cancer spreaded from**

**The Arabic Sea to the Bay of Bengal**

**As the breeze changes to the tempest.**

**Awake! Arise!**

**Future of motherland**

**From the tomb of worms.**

**Again you wish venom of viper**

**As the reward of betray?**

**Where dears the breath of Harappa culture?**

**Feet of Huansang touched once**

**Mahabharata where Gandhari**

**Smiled while Dhroupati shouted.**

## പ്രതിഭ

**Pearl and pepper beckoned Gama here.**

**Yet we forgot the heap of lighting lamps.**

**Bend was your back with loads of many.**

**Now away from the rust of ancient fears.**

**From the dark of ignorance,**

**To the light of knowledge**

**We moved.**

**A bless we became!**

**The touch stone of all!**

**Ray of hope...**

**For your tears**

**For your blood**

**Oh! martyrs!**

**Silver lines of brains.**

**Not a single flesh-lessbone.**

**Let the healing fountain starts**

**Against the ice and frost**

**Of late spring of hatred.**

**Let we be the sunshine drying the mud**

**Of venom in hearts**

**To lead light and hope.**

**PREETHA T,**

പ്രതിഭ

**H S A**

# ത്യാഗത്തിന്റെ പ്രതീകം



**തിരക്കുപിടിച്ച ഈ ലോകത്തേ ഒരു മൂലക്കുള്ളഒരു കൊച്ചു ഗ്രമത്തിലെ ഒരു കൊച്ചുകുട്ടിയാണ് അനാമിക .അവൾ കൊച്ചാണെങ്കിലും സംസിരിക്കുന്നത് മുതിർന്ന ഒരാളുടെ ഭാവത്തിലാണ് അതൊക്കെക്കാണുമ്പോൾ തന്നെ എല്ലാവർക്കും അവളോടുള്ളസ്നേഹം വർധിക്കുക തന്നെ ചെയ്യും.ചെറിയ കുസൃതിയൊക്കെ ഉണ്ടെങ്കിലും അവൾ നന്നായി പഠിക്കുമായിരുന്നു.അവൾക്ക് പൂച്ചയെ ഭങ്കര ഇഷ്ടമായിരുന്നു.അതുകൊണ്ടു തന്നെ വഴിയിൽ ഏതു പൂച്ചയെ കണ്ടാലും വീട്ടിലേക്ക് കൊണ്ടുപോരും.പക്ഷെ അവളുടെ അമ്മക്കും അച്ചനും അവളെ ജീവനാണെങ്കിലും, പൂച്ചയെ വളർത്തുന്നത് അവർക്ക് ഇഷ്ടമല്ലായിരുന്നു.അതുകൊണ്ട് തന്നെ അവൾ കൊണ്ടുവരുന്ന പൂച്ചകളെ കൊണ്ടുപോയിക്കളയുമായിരുന്നു.അങ്ങനെയിരിക്കെ അനാമിക സ്കൂൾവിട്ട് വരുന്ന സമയം ഒരു പൂച്ചക്കുട്ടിയെക്കണ്ടു.നല്ല വെളുത്ത നിറം ഉള്ള ആര്രും കണ്ടാൽ ഇഷ്ടപ്പെടുന്ന ഒരു പൂച്ചക്കുട്ടി.അവൾ ഓടിച്ചെന്ന് അതിനെ വാരിയെടുത്തു.അവൾക്ക് അതിനെ ഇഷടപ്പെട്ടെങ്കിലും അമ്മയേയും അച്ചനേയും പേടിച്ച് അവൾ അതിനെ അവിടെ വിട്ടേച്ചുപോന്നു. അവൾ നടന്നു നീങ്ങുമ്പോഴും ആ പൂച്ചക്കുട്ടി അവളുടെ പിന്നാലെ പോരാൻ തുടങ്ങി . അത് കണ്ട് അവൾ അതിനെ താലോലിച്ച് വീട്ടിലേക്ക് തന്നെ കൊണ്ടുവന്നു. അവൾക്ക് അമ്മയുടെ വഴക്ക്  ഒരുപാട് കിട്ടിയെങ്കിലും അവൾ അതിനോട് കൂടുതൽ അടുത്തു.അവൾ പൂച്ചക്കുട്ടിക്ക് മിക്കു എന്ന് പേരുകൊടുത്തു .അവൾ എവിടെ പോയാലും ഒരു വാലുപോലെ മിക്കു കൂടെയുണ്ടാവും. അവൾ പഠനത്തിൽ ശ്രദ്ധിക്കുന്നില്ല എന്ന് പറഞ്ഞ് അവളെ അമ്മ ഒരുപാട് വഴക്കിടുകയും മര്യാദയ്ക്ക് പഠിച്ചില്ലെങ്കിൽ മിക്കുവിനെ കൊണ്ടുപോയി കളയുമെന്ന് പറഞ്ഞു. അതുകേട്ട അവൾ നന്നായി  പഠിച്ചുതുടങ്ങി .പഠനത്തിനിടയിൽ മിക്കുവിനെ അവൾക്ക് ശ്രദ്ധിക്കാൻ ആയില്ല .പരീക്ഷതുടങ്ങി .അവൾ എല്ലാവിഷയവും നന്നായി പഠിച്ചെഴുതി .പരീക്ഷ തീർന്ന ദിവസം പരീക്ഷ കഴിഞ്ഞ് സന്തോഷത്തോടെ തന്റെ മിക്കുവിന്റെ അടുത്തേയ്ക്ക്  ഓടിവരുന്ന തിരക്കിൽ അവൾ റോഡ് കടന്നപ്പോൾ എതിർവശത്ത് നിന്ന് വന്ന വണ്ടിയെ അവൾ കണ്ടില്ല . അത് ശ്രദ്ധിക്കാതെ റോഡിലേക്ക് ഓടി .പിന്നെ**

**വണ്ടിബ്രേക്കിടുന്ന ശബ്ദം മാത്രമാണ് കേട്ടത്.നോക്കി അപ്പോഴാണ് കാണുന്നത് വണ്ടയുടെ അടിയിൽ പെട്ടുകിടക്കുന്ന മിക്കുവിനെ.അനാമിക റോഡിലേക്ക് ഒടിയപ്പോൾ എതിർവശത്ത് നിന്ന് വന്ന വണ്ടിയെ മിക്കു കണ്ടിരുന്നു. അവളെ രക്ഷിക്കാനാണ് മിക്കുറോഡിന്റെ നടുവിലേക്ക് ഒടിയത് .മിക്കുവിന്റെജീവൻ ത്യജിച്ചെങ്കിലും മിക്കു ആഗ്രഹിച്ചപൊലെതന്നെ അനാമികയുടെ ജീവൻ രക്ഷപെട്ടു**

**അക്ഷര ഷാജി 9B**

## Nature,our own God

**nature is very much harvesting**

**it glimpses us**

**it touches our heart just like a friend**

**it always makes us happy**

**whatever my mood**

**nature is shadow for us**

**it is very gorgeous , simply marvellous**

**and it is a beautiful scenery too**

**it is always a model to us**

**but we always damage it but**

**it is simply gives happiness to us**

**his most important gift is its rain**

**it is just like the soul of the nature**

**nature is just like a reply to our questions**

**Nandana Sasi 9B**

# വംശനാശം സംഭവിച്ച ജീവികൾ

**ജാവൻ കടുവ**

**ഇൻഡോനേഷ്യയിലെ ജാവാ ദ്വീപിൽ വസിച്ചിരുന്ന കടുവകളാണ് ജാവൻ കടുവകൾ 1980 നോടടുപ്പിച്ച് ഈ ഇനം ഭൂമിയിൽ നിന്ന് ഇല്ലാതായി**



**ടസ്മേനിയൻ ചെന്നായ്**

**ഏറ്റവും വലിപ്പം കുടിയ സഞ്ചി മൃഗമായിരുന്നു ടസ്മേനിയൻ ചെന്നായ്.ഇവയുടെ പകുതിഭാഗം കടുവയുടേതു പോലായതിനാൽ ടസ്മേനിയൻ കടുവ എന്നും അറിയപ്പെടുന്നു**



**ഡോ ഡോ**

**വലിപ്പം കുടിയതും പറക്കാൻ കഴിയാത്തതുമായ പക്ഷികളാണ് ഡോഡോ കൾ മൗറീഷ്യസ് ദ്വീപിലായിരിന്നു ഇവ വസിച്ചിരുന്നത്.കാൽവരിയ എന്ന മരത്തിന്റെ പഴങ്ങളാണ് ഇവ ഭക്ഷിച്ചിരുന്നത്.**





**<u>സഞ്ചാരി പ്രാവ്</u>**

**വടക്കേ അമേരിക്കയിലെ കാടുകളിൽ കാണപ്പെട്ടിരുന്ന വംശനാശം സംഭവിച്ച പ്രാവിനത്തിൽ പെട്ട ഒരു പക്ഷിയാണ് സഞ്ചാരി പ്രാവ് .വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിൽ റോക്കി പർവതനിരക്ക് കിഴക്കു പ്രദേശത്ത് കോടിക്കണക്കിന് സഞ്ചാരി പ്രാവുകൾ ഉണ്ടായിരുന്നു .മാർത്ത എന്ന സഞ്ചാരി പ്രാവ്**

**<u>സീമിങ്ക്</u>**



**വടക്കേ അമേരിക്കയിലെ കിഴക്കൻ തീരങ്ങളിൽ കാണപ്പെട്ടിരുന്ന മിങ്ക് സ്പീഷിസിലെ അവസാനത്തെ സ്പീഷിസായിരുന്നു സീ മിങ്ക്പൈറേനിയൻ ഐബക്സ് പൈറേനിയയിൽ കാണപ്പെട്ടിരുന്ന ഒരു കാട്ടാണ് പൈറേനിയൻ ഐബക്സ്. കാപ്ര ബൈറേനിയസ എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഇവ 16-ാം നൂറ്റാണ്ടിൻെറ അവസാനത്തോടെ ഭൂമിയിൽ നിന്നില്ലാതായി**


പ്രതിഭ



**<u>കരീബിയൻ മോങ്ക് സീൽ</u>**
**നെമൊഞ്ചാലിസ് ട്രോപിക്കാലിസ് സ്പീഷ്യസിലെ നരഭോജിയായ ഒരു ജീവിയാണ് കരീബിയൻ മോങ്ക് സീൽ.അമേരിക്കയിലെ കരീബിയൻ ദ്വീപുകലിലാണ് ഇവയെ കാണപ്പെട്ടുരുന്നത്**



**<u>ബുബാൽ ഹാർട്ട് ബീസ്റ്റ്</u>**
**ബുബാൽ ആൻലോപ്പ് എന്നും അറിയപ്പെടുന്ന മാൻ വർഗത്തിൽപ്പെട്ട ഒരു ജീവിയാണ് ബുബാൽ ഹാർട്ട് ബീസ്റ്റ് ആഫിക്കയിലെ സഹാറ മരുഭൂമിയിലാണവ കാണപ്പെട്ടിരുന്നത്**



**<u>ക്വാഗ</u>**
**19-ാം നൂറ്റാണ്ടിൽ അവസാന കാലഘട്ടത്തിൽ സൗത്താഫ്രിക്കയിൽ വംശം നിന്നുപോയ ഒരു ജീവിയാണ് ക്വാഗ. ഇതിന്റെ പകുതിഭാഗം സീബ്രയുടേതു പോലാണ്.**

തയ്യാറാക്കിയത്

തനുജ 8E & അമ്പാടി വി 9B





ഗവ .ഡി വി എച്ച് എസ് എസ്,ചാരമംഗലം

# സങ്കല്പസോദരി



കൈകളിൽ ഏന്തിയ വാടിയ പൂവുമായി

കാർമുകിൽ സോദരി പോവതെങ്ങോ

നിൻ ചുട്ട നിശ്വാസ ധാരയിൽ

പൊൻ കതിർ മാലയായ് തൂകിടുന്നു

പാടുമാ കാട്ടാറിൻ തൂവെള്ള നീരായി

നിൻ രൂപമല്ലയോ പാഞ്ഞിടുന്നു

നിൻ ഭാവം സംഗീത സാന്ദ്രമായി മാറുമ്പോൾ

മർത്യന്റെ അന്തരാത്മാവിൻ ഗീതം

നിൻ കണ്ണിൽ കണ്ടൊരാ ദുഖമാം സാഗരം

ഇന്നീ ജീവന്റെ ഭാഗമെന്നോ?

നിൻ കരൾ നീറുമ്പോൾ ഉണ്ടാകുമാധാര

ഇന്നീ ദുഖത്തിൽ രൂപമെന്നോ?

നിന്നമ്മയാമാഴി നിന്നടുത്തെത്തുമ്പോൾ

നിന്റെയീയാധികൾ വ്യർത്ഥമല്ലേ?

നിൻ കണ്ണിൽ നീർപൊഴിഞ്ഞിടുന്ന നേരത്ത്

നിന്നമ്മയാമാഴി ഒപ്പിടുമ്പോൾ

ആ വിരിമാറിൽ തലചായ്ച്ചുമെല്ലവേ

ആർദ്രമായി നീ കേണുറങ്ങീടുമ്പോൾ

എത്രയോ ധന്യയായീടുന്നു എൻ കൊച്ചു


സങ്കൽപ്പ സോദരി നീയെന്നുമെന്നും


ഇന്ദിര.കെ.ആർ ,എച്ച് എസ് എ


## എ പി ജെ അബ്ദുൾകലാം:-

**തിളങ്ങുന്ന ഓർമ്മകൾ.........ജ്വലിക്കുന്ന വാക്കുകൾ**






തിളങ്ങുന്ന ഓർമ്മകൾ ..... ജ്വലിക്കുന്ന വാക്കുകൾ
വിജയിക്കുവാൻ ഞാനെടുത്തിട്ടുള്ള
തീരുമാനത്തിന് കരുത്തുണ്ടെങ്കിൽ പരാജയം
ഒരിക്കലും എന്നെ പിന്തള്ളുകയില്ല.


തിളങ്ങുന്ന ഓർമ്മകൾ ..... ജ്വലിക്കുന്ന വാക്കുകൾ
മഹാന്മാർക്ക് മതം എന്നത് സൗഹൃദം
സ്ഥാപിക്കുവാനുള്ള മാർഗമാണ്.
ചെറിയവരാണ് മതത്തെ വിദ്വേഷത്തിന്റെ
ഉപകരണമാക്കുന്നത്.

പ്രതിഭ


തിളങ്ങുന്ന ഓർമ്മകൾ ..... ജ്വലിക്കുന്ന വാക്കുക
“നിങ്ങൾ നിങ്ങളുടെ ജോലിയെ വണങ്ങുന്നുവെങ്കിൽ പിന്നെ ആരെയും വണങ്ങേണ്ടതില്ല. എന്നാൽ ജോലിയെ ദുശിപ്പിക്കുന്നവനാണ് നിങ്ങളെങ്കിൽ എല്ലാവരെയും വണങ്ങേണ്ടിവരും.”


തിളങ്ങുന്ന ഓർമ്മകൾ ..... ജ്വലിക്കുന്ന വാക്കുകൾ
“വലിയ സ്വപ്നം കാണുന്നവരുടെ വലിയ സ്വപ്നങ്ങൾ എപ്പോഴും വിശിഷ്ടമാകുന്നു”


തിളങ്ങുന്ന ഓർമ്മകൾ ..... ജ്വലിക്കുന്ന വാക്കുകൾ
“ഉറങ്ങുമ്പോൾ കാണുന്നതല്ല
സ്വപ്നം; ഉറങ്ങാൻ
അനുവദിക്കാത്തതാണ് സ്വപ്നം”


തിളങ്ങുന്ന ഓർമ്മകൾ ..... ജ്വലിക്കുന്ന വാക്കുകൾ
“നിങ്ങളുടെ ജീവിതത്തിൽ
ഉയർച്ചയോ താഴ്ചയോ ഉണ്ടാകട്ടെ.
പക്ഷേ, ചിന്തയായിരിക്കണം
നിങ്ങളുടെ കൈമുതൽ”

**അശ്വിൻ കൃഷ്ണ എ 9A**

# ചിത്രജാലകം

# പ്രതിഭ



## പ്രതിഭ




**ഗായത്രി എസ് 9C**





by

Neeraj Krishna.U(9b)





by
Neeraj Krishna.U(9b)

പ്രതിഭ



by

Neeraj Krishna.U(9b)



by
Neeraj Krishna.U(9b)

പ്രതിഭ

## SOORAJ S 9B








**ഹരികൃഷ്ണൻ 9A**





ഹരികൃഷ്ണൻ 9A

പ്രതിഭ

**സുദേവ് ദമനൻ +1 സയൻസ്**






THANK
YOU